Draft #5 of File 5145/AC L-1/2021/AC L Approved by ASSISTANT REGISTRAR II (ACADEMIC) on 30-Jun-2021 04:34 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>**സംഗ്രഹം**</u>

അഫിലിയേറ്റഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ തിരഞ്ഞെടുപ്പിനുള്ള അന്തിമ സ്കോർ കാർഡിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ബഹു. വൈസ് ചാൻസിലറുടെ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു:-

---

**അക്കാദമിക് ലെജിസ്ലേഷൻ**

നമ്പർ. 2999/AC L/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.06.2021

---

*പരാമർശം:*-1.19.10.2019-ലെ സർവകലാശാല ഉത്തരവ് നമ്പർ:-5020/ACL/2019/MGU.
2.10.01.2020-ലെ സർവകലാശാല ഉത്തരവ് നമ്പർ:-150/ACL/2020/MGU.
3.30.06.2021-ലെ സർവ്വകലാശാല ഉത്തരവ് നമ്പർ:-2988/AC L/2021/എം.ജി.യു
4.30.06.2021-ലെ ബഹു.വൈസ് ചാൻസിലറുടെ VC.702/01/059/2021- നമ്പർ കുറിപ്പ്.

<u>**ഉത്തരവ്**</u>

യു.ജി.സി റഗുലേഷൻസ് - 2018 (Minimum Qualifications for appointment of Teachers and other Academic staff in Universities and Colleges and Measure for the Maintenance of Standards in Higher Education), സർവകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

യു.ജി.സി റഗുലേഷൻസ് അടിസ്ഥാനമാക്കി സ്റ്റാറ്റ്യൂട്ടിൽ ഭേദഗതികൾ വരുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവ് പ്രകാരം, സിൻഡിക്കേറ്റിന് സമർപ്പിച്ചിരുന്ന സ്റ്റാറ്റ്യൂട്ട് ഭേദഗതിയുടെ കരട് അക്കാദമിക് കൗൺസിലിന്റെ അഭിപ്രായം രേഖപ്പെടുത്തുന്നതിനായി നൽകിയിരുന്നു. സ്റ്റാറ്റ്യൂട്ട് ഭേദഗതിയുടെ കരട് പരിഗണിച്ച അക്കാദമിക് കൗൺസിൽ യോഗം ചില ഭേദഗതികൾ നിർദ്ദേശിക്കുകയും അവ പരാമർശം (2) പ്രകാരം ഉത്തരവായി പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

തുടർന്ന് പരാമർശം (2) ഉത്തരവിൽ, അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അന്തിമ തിരഞ്ഞെടുപ്പിനുള്ള സ്കോർ കാർഡ് തയ്യാറാക്കിയതിലെ മാനദണ്ഡങ്ങൾ സ്വീകരിച്ചതിൽ വന്നിട്ടുള്ള ന്യൂനതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് റിസർച്ച് സ്കോളേർസ് അസോസിയേഷൻ സർവ്വകലാശാലയ്ക്ക് നൽകിയ കത്ത് അക്കാദമിക് കൗൺസിൽ പരിഗണിക്കുകയും, തുടർന്ന് പരാമർശം (2) ഉത്തരവിലെ പ്രസ്തുത വിഷയത്തിന്മേൽ തീരുമാനം കൈക്കൊള്ളുന്നതിന് പരാമർശം (3) പ്രകാരം ബഹു: വൈസ് ചാൻസിലറെ ചുമതലപ്പെടുത്തുകയും ചെയ്തു.

ബഹു: വൈസ് ചാൻസിലർ പരാമർശം (2) - ലെ അഫിലിയേറ്റഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ അന്തിമ

സ്കോർ കാർഡിലെ മാനദണ്ഡങ്ങൾ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കുകയും , പരാമർശം (4) പ്രകാരം അനുബന്ധമായി (APPENDIX - A) ചേർത്തിരിക്കുന്ന വിധത്തിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തു.

നിർദ്ദിഷ്ട മാറ്റങ്ങൾ ഉൾപ്പെടുത്തി അഫിലിയേറ്റഡ് കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തിരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിന് ബഹു: വൈസ് ചാൻസിലർ മഹാത്മാഗാന്ധി സർവകലാശാല ആക്ട്, 1985, III, 10(17) വകുപ്പ് പ്രകാരം അക്കാദമിക് കൗൺസിലിന്റെ അധികാരം ഉപയോഗപ്പെടുത്തി അംഗീകാരം നൽകി .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2
(അക്കാദമിക്)

പകർപ്പ്

1.വൈസ് ചാൻസലർ /പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
3.ജോയിന്റ് രജിസ്ട്രാർ II /ഡെപ്യൂട്ടി രജിസ്ട്രാർ II /അസിസ്റ്റന്റ് രജിസ്ട്രാർ I/II (അക്കാദമിക് )
4.ബന്ധപ്പെട്ട സെക്ഷനുകൾ
5.എ.സി.സി I/II
6.പി.ആർ.ഒ. സെക്ഷൻ
7.കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
8.ഐ. ക്യൂ. എ. സി.
9.റെക്കോർഡ്സ് സെക്ഷൻ
10.കരുതൽ ഫയൽ / ഫയൽ കോപ്പി

ഉള്ളടക്കം

APPENDIX - A

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #5 of File 5145/AC L-1/2021/AC L Approved by ASSISTANT REGISTRAR II (ACADEMIC) on 30-Jun-2021 04:34 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 5145/AC L-1/2021/AC L Approved by ASSISTANT REGISTRAR II (ACADEMIC) on 30-Jun-2021 04:34 PM - Page 3

APPENDIX - A

# MAHATMA GANDHI UNIVERSITY

**Criteria for Short listing and Selection of candidates for the Post of Assistant Professor in Colleges (UGC Regulations 2018)**

| Sl No. | A. Academic Record | Maximum Score | Score Achieved | Remarks |
|---|---|---|---|---|
| **1** | Graduation | 80%& above=21<br>60% to less than 80%=19<br>55% to less than 60%=16<br>45% to less than 55%=10 | | |
| **2** | Post Graduation | 80%& above=25<br>60% to less than 80%=23<br>55%{50% in case of SC/ST/OBC (non creamy layer , PWD)} to less than 60%=20 | | |
| **3** | M.Phil | 60% &above=07<br>55% to less than 60%=05 | | |
| **4** | Ph.D | 25 | | |
| **5** | NET with JRF | 10 | | |
| | NET | 08 | | |
| | SLET/SET | 05 | | |
| **6** | Research Publication (2 marks for each research publication published in Scopus/SCI indexed or UGC- Care listedJournals) | 06 | | |
| **7** | Teaching/Post Doctoral Experience (2 marks for one year each)# | 10 | | |
| **8** | **Awards** | | | |
| | International/National Level (Awards given by International Organization/ Government of India/Government of India recognized National Level Bodies) | 03 | | |
| | State Level<br>(Awards given by state Government) | 02 | | |
| | | | ……../100 | |
| | B. Interview | 20 | | |
| | Total Score (A+B) | | ……./120 | |

# However, if the period of teaching/post-doctoral experience is less than one year then the marks shall be reduced proportionately.

Note:

i. M.Phil+P.hD - Maximum 25Marks
ii. JRF/NET/SET - Maximum 10Marks
iii. In awards category - Maximum 03Marks.
iv. Academic records(A) shall be supported by relevantdocuments.